**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - കൊല്ലം ജില്ലയിൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക കൂടി അധികമായി സൃഷ്ടിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ.25/2017/തസ്വഭവ, തിരുവനന്തപുരം, തീയതി, 27.01.2017.

---

പരാമർശം : 1. സ.ഉ (പി) നം.501/2005/ ധന തീയതി 25/11/2005.

2. ഗ്രാമവികസന കമ്മീഷണറുടെ 27/07/2016, 22/12/2016 എന്നീ തീയതികളിലെ 21911/എസ്റ്റാ.ഡി4 /15/സിആർഡി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിൽ, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർക്കു പുറമേ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക അധികമായി സൃഷ്ടിക്കുന്നതു സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ പരാമർശം (2.) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചു.

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ സ്വീപ്പിംഗ് ഏരിയ 1034.36 ച.മീ ആണെന്ന് കൊട്ടാരക്കര പൊതുമരാമത്ത് (കെട്ടിട വിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നതായി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയതിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)ലെ വ്യവസ്ഥകൾക്കു വിധേയമായി കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർക്കു പുറമേ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക കൂടി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.എസ്.ആർ**

**ഡെപ്യൂട്ടി സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ),തിരുവനന്തപുരം
5) ധനകാര്യവകുപ്പ് (അ.ഔ.നമ്പർ DEV-1/296/2016-FIN തീയതി. 21/11/2016)
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ